**സാമൂഹിക നീതി വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(ഹാജർ : എം. അഞ്ജന IAS)**

തിരുവനന്തപുരം

ഉത്തരവ് നം:SJD/1623/2022-G3 തീയതി: 19-01-2023

വിഷയം :- സാമൂഹിക നീതി വകുപ്പ് - വയോമധുരം പദ്ധതി 2022-23- ഗ്ലൂക്കോമീറ്റർ വിതരണം - ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഈ ഓഫീസിലെ 23.12.2022 ലെ മേൽ നം ഉത്തരവ്.

2. സ.ഉ.(സാധാ)നം.134/2022/SJD തിയതി:27.05.2022.

2022-23 സാമ്പത്തികവർഷം വയോമധുരം പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് 14 ജില്ലകളിൽനിന്നുള്ള 60 വയസ്സോ അതിനുമുകളിലോ പ്രായമുള്ള ബി.പി.എൽ വിഭാഗത്തിൽപ്പെട്ട പ്രമേഹരോഗികളായ 865 പേർക്ക് ആകെ 865 എണ്ണം ഗ്ലൂക്കോമീറ്ററുകൾ (25 സ്ട്രിപ്പ് ഉൾപ്പടെ) ജില്ലാ സാമൂഹികനീതി ഓഫീസുകൾവഴി വിതരണംചെയ്യുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് അനുമതിനൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഗ്ലൂക്കോമീറ്റർ ഉപയോഗിക്കുന്നരീതി വിശദീകരിച്ച് നൽകുന്നതിനും, ഗ്ലൂക്കോമീറ്ററുകൾ വിതരണംചെയ്യുന്നതിനുമായി ജില്ലകളിൽ വിവിധ സ്ഥലങ്ങളിൽ ജില്ലാ സാമൂഹികനീതി ഓഫീസർമാർ ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതുണ്ട്. ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനായി ഒരു ജില്ലക്ക് 5000/- രൂപ ക്രമത്തിൽ 14 ജില്ലകൾക്കായി ആകെ 70,000/-രൂപ അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, ഗ്ലൂക്കോമീറ്റർ വിതരണം ചെയ്യുന്നതിനും ആയത് ഉപയോഗിക്കുന്നരീതി വിശദീകരിച്ച് നൽകുന്നതിനുമായി ജില്ലകളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ജില്ലാ സാമൂഹികനീതി ഓഫീസർമാരെ നിയോഗിച്ചും, പ്രസ്തുത ക്യാമ്പ് സംഘടിപ്പിക്കുന്നതിലേക്കായി **ഒരു ജില്ലയ്ക്ക് 5,000/ (അയ്യായിരം രൂപ മാത്രം)** രൂപ ക്രമത്തിൽ **14 ജില്ലകൾക്കായി ആകെ 70,000/- രൂപ (എഴുപതിനായിരം രൂപ മാത്രം)** ബന്ധപ്പെട്ട ജില്ലാ സാമൂഹികനീതി ഓഫീസർമാർക്ക് അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത തുക നടപ്പുസാമ്പത്തികവർഷത്തിലെ **2235-02-104-82 (പി)**

SJD/1623/2022-G3

I/77046/2023

ശീർഷകത്തിൽനിന്നും വിനിയോഗിക്കുന്നതിനും അനുമതി നൽകുന്നു.

M. ANJANA IAS
സാമൂഹിക നീതി
ഡയറക്ടർ

എല്ലാ ജില്ലാ സാമൂഹികനീതി ഓഫീസർമാർക്കും.

പകർപ്പ് :

1. സൂപ്രണ്ട് , എ/ബി സെക്ഷൻ (തുക അനുവദിക്കുന്നതിന്)
2. സൂപ്രണ്ട് , പ്ലാനിംഗ് സെക്ഷൻ
3. സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്